**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

വിദ്യാർ ഥികളിൽ നിന്ന് വിവിധ കാരണങ്ങളാൽ ഫീ റീഫണ്ടിനായി ലഭിക്കുന്ന അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പുകല്പിക്കുന്നതുമായി ബന്ധപെട്ട 31.12.2019 തീയതിയിൽ കൂടിയ സിന്റിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 306/AC A 1/2020/എം.ജി.യു                    പ്രിയദർശിനി ഹിൽസ്,തീയതി: 20.01.2020

---

പരാമർശം:-1)അക്കൗണ്ട്സ്V സെക്ഷനിൽ നിന്നുമുള്ള സിന്റിക്കേറ്റ് കുറിപ്പ് നമ്പർ Accounts V/1/E Payment/Refund/2019 തീയതി 24.12.2019.

2) 30.12.2019 ൽ ചേർന്ന സിന്റിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ ഒ.എ 10/19.11

**<u>ഉത്തരവ്</u>**

വിദ്യാർത്ഥികളിൽ നിന്ന് വിവിധ കാരണങ്ങളാൽ ഫീ റീഫണ്ടിനായി ലഭിക്കുന്ന അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിന് പരാമർശം (1) പ്രകാരം സിന്റിക്കേറ്റിലേക്കു കുറിപ്പ് സമർപ്പിച്ചിരുന്നു. ആയത് പരിഗണിച്ച സർവകലാശാല സിൻഡിക്കേറ്റ് പരാമർശം (2) പ്രകാരം താഴെ പറയുന്ന നിർദ്ദേശങ്ങൾ ഫീ റീഫണ്ടുമായി ബന്ധപെട്ടു സർവകലാശാലയിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

1. ഫീ റീഫണ്ടിനായി വിദ്യാർത്ഥികളിൽ നിന്ന് ലഭിക്കുന്ന അപേക്ഷകളിൽ 'Payment Failures' അക്കൗണ്ട്സ് 3 സെക്ഷനിൽ നിന്നു തന്നെ തിരിച്ചു നൽകേണ്ടതാണ്.
2. വിവിധ പരീക്ഷകൾ/സർട്ടിഫിക്കറ്റുകൾ സംബന്ധിച്ച് വിദ്യാർത്ഥികൾ തെറ്റായോ അധികമായോ അടക്കുന്ന തുകകൾ തിരികെ കിട്ടുന്നതിനായുള്ള അപേക്ഷകൾ ബന്ധപ്പെട്ട തപാലിൽ സ്വീകരിക്കേണ്ടതും, അപേക്ഷ ബന്ധപ്പെട്ട സെക്ഷൻ പരിശോധിച്ച് പ്രസ്തുത തുക തിരികെ നൽകാവുന്നതാണെങ്കിൽ മാത്രം തുക തിരികെ നല്കാവുന്നതാണെന്നു രേഖപ്പെടുത്തി അക്കൗണ്ട്സ് 3 സെക്ഷനിലേക്കു നൽകേണ്ടതും, അപേക്ഷ നിരസിക്കുന്ന പക്ഷം പ്രസ്തുത വിവരം വിദ്യാർത്ഥികളെ അറിയിക്കേണ്ടതുമാണ്.
3. വിദ്യാർത്ഥികളുടെ ഭാഗത്തുനിന്നുണ്ടാകുന്ന വീഴ്ച മൂലം തെറ്റായി/അധികമായി അടക്കുന്ന തുക തിരികെ നല്കേണ്ടതില്ല.
4. ഫീസ് സംബന്ധമായി വരുന്ന അന്വേഷണങ്ങൾക്ക് കൃത്യമായി മറുപടി നൽകുന്നതിന് പി.ആർ.ഒ. സെക്ഷനും, പരീക്ഷ വിഭാഗത്തിലെ ബന്ധപ്പെട്ട എല്ലാ സെക്ഷനുകളും ശ്രദ്ധിക്കേണ്ടതാണ്. റീഫണ്ട് പോളിസി അതിനനുസരിച്ചു പരിഷ്കരിക്കുന്നതിനും താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ റീ ഫണ്ടിനായുള്ള അപേക്ഷ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

Draft #1 of File 2899/ACA1 SO/2020/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 18-Jan-2020 05:10 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സനൽകുമാർ ടി വി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)

പകർപ്പ്

1. വി സി , പി വി സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പരീക്ഷ കൺട്രോളർ എന്നിവരുടെ പി എ മാർ
3. എ ആർ/ ഡി ആർ/ ജെ ആർ (അക്കാദമിക്/ ഫിനാൻസ്/പരീക്ഷ)
4. കണ്ടന്റ് മാനേജ്മന്റ് സെക്ഷൻ/ IQAC/ PRO/Enquiry/അക്കൗണ്ട്സ് 3/4/5
5. എ സി എ4 / എ സി എ5/എ സി സി1/ 2 / എ ടി ആർ /ജനറൽ ക്യാഷ്
6. Stock File/ File Copy

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 2899/ACA1 SO/2020/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 18-Jan-2020 05:10 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം